**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃക്കാക്കര നഗരസഭ - നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി 15 പേരെ ദിവസക്കൂലി അടിസ്ഥാനത്തിൽ മൂന്ന് മാസക്കാലത്തേയ്ക്ക് താൽക്കാലികമായി നിയമിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

.==============================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം. 766/2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 18.03.2015

==============================================================

**പരാമർശം :** 1) തൃക്കാക്കര നഗരസഭാ കൗൺസിലിന്റെ 08.01.2015-ലെ 7-ാം നമ്പർ തീരുമാനം.
2) തൃക്കാക്കര നഗരസഭാ ചെയർമാന്റെ (നമ്പർ, തീയതി എന്നിവ ഇല്ല) കത്ത്.

**ഉത്തരവ്**

തൃക്കാക്കര നഗരസഭയുടെ പദ്ധതി പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള കുടിശ്ശിക തുകകൾ പിരിച്ചെടുക്കുന്നതിനായി 25 താൽക്കാലിക ജീവനക്കാരെ ദിവസക്കൂലി അടിസ്ഥാത്തിൽ നിയമിക്കുന്നതിന് 08.01.2015-ൽ ചേർന്ന പരാമർശം (1)-ലെ നഗരസഭാ കൗൺസിൽ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നഗരസഭയുടെ നികുതി കുടിശ്ശിക തുകകൾ പിരിച്ചെടുക്കുന്നതിനായി 25 താൽക്കാലിക ജീവനക്കാരെ ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം തൃക്കാക്കര നഗരസഭാ ചെയർമാൻ ആവശ്യപ്പെട്ടിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃക്കാക്കര നഗരസഭാ കൗൺസിൽ തീരുമാനം പരിഗണിച്ച് നികുതി കുടിശ്ശിക തുകകൾ പിരിച്ചെടുക്കുന്നതിനായി 15 പേരെ ദിവസക്കൂലി അടിസ്ഥാനത്തിൽ മൂന്ന്

മാസക്കാലയളവിലേയ്ക്ക് താൽക്കാലികമായി നിയമിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ഇതിലേയ്ക്കാവശ്യമായ ചെലവ് നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്. താൽക്കാലിക ജീവനക്കാരുടെ നിയമനം സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചായിരിക്കണം പ്രസ്തുത നിയമനങ്ങൾ. മേൽപ്പറഞ്ഞ തൊഴിലാളികളെ കാലാവധി തീരുന്ന മുറയ്ക്ക് വിടേണ്ടതുമാണ്.

**ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,**

**ഫിന്നി സക്കറിയ**
**അഡീഷണൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
സെക്രട്ടറി, തൃക്കാക്കര നഗരസഭ.
ചെയർമാൻ, തൃക്കാക്കര നഗരസഭ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**